പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 2961

10.5.2017 ൽ
മറുപടിക്ക്

**റാന്നി കേന്ദ്രമാക്കി പോലീസ് സബ് ഡിവിഷണൽ ഓഫീസ് ആരംഭിക്കാൻ നടപടി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. രാജു എബ്രഹാം | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) |
| എ) സംസ്ഥാനത്തെ പോലീസ് സബ് ഡിവിഷനുകളുടെ എണ്ണം എത്രയാണ്; രണ്ടിലധികം പോലീസ് സബ് ഡിവിഷനുകൾ ഉള്ള ജില്ലകൾ ഏതൊക്കെയാണ്; | എ) സംസ്ഥാനത്തെ പോലീസ് സബ് ഡിവിഷനുകളുടെ എണ്ണം 58.<br><br>രണ്ടിലധികം സബ് ഡിവിഷനുകൾ ഉള്ള ജില്ലകൾ.<br>തിരുവനന്തപുരം സിറ്റി -4, തിരുവനന്തപുരം റൂറൽ -3, കൊല്ലം സിറ്റി -3, പത്തനംതിട്ട -3, ആലപ്പുഴ -4, ഇടുക്കി -3, കോട്ടയം -5, കൊച്ചി സിറ്റി -3, എറണാകുളം റൂറൽ -3, തൃശ്ശൂർ റൂറൽ -3, പാലക്കാട് -4, മലപ്പുറം -3, കോഴിക്കോട് റൂറൽ -3, കണ്ണൂർ -4.<br><br>രണ്ട് സബ് ഡിവിഷനുകൾ ഉള്ള ജില്ലകൾ<br>കൊല്ലം റൂറൽ, തൃശ്ശൂർ സിറ്റി, കോഴിക്കോട് സിറ്റി, വയനാട്, കാസർഗോഡ്. |
| ബി) ശബരിമല,പമ്പ എന്നിവിടങ്ങളിൽനിന്നും ഗവി ഉൾപ്പെടെയുള്ള ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ നിന്നും ജനങ്ങൾ പോലീസ് സബ് ഡിവിഷൻ ഓഫീസ് സംബന്ധമായ ആവശ്യങ്ങൾക്ക് പോകേണ്ടത് എത്ര ദൂരം സഞ്ചരിച്ചാണ്; | ബി) ശബരിമല സന്നിധാനത്ത് നിന്നും 75 കിലോമീറ്ററും പമ്പയിൽ നിന്നും 70 കിലോമീറ്ററും ഗവിയിൽ നിന്നും 105 കിലോമീറ്ററും സഞ്ചരിച്ചാണ് പോലീസ് സബ് ഡിവിഷൻ സംബന്ധമായ ആവശ്യങ്ങൾക്ക് പത്തനംതിട്ട പോലീസ് സബ് ഡിവിഷനിൽ എത്തിച്ചേരുന്നത്. |
| സി) ഇവർക്കെല്ലാം സൗകര്യപ്രദമായ റാന്നി കേന്ദ്രമാക്കി ഒരു പുതിയ പോലീസ് സബ് ഡിവിഷണൽ ഓഫീസ് ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ? | സി) റാന്നി കേന്ദ്രമാക്കി പോലീസ് സബ് ഡിവിഷണൽ ഓഫീസ് ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ